**''ഭരണഭാഷ-മാതൃഭാഷ''**

നമ്പർ എച്ച്2/47395/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 31.08.2018

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - സഹായിതം - സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം - യു.പി വിദ്യാലയങ്ങളിലുണ്ടാകുന്ന ഹെഡ് ടീച്ചർ ഒഴിവിൽ എൽ.പി.എസ്.റ്റി മാരെ നിയമിക്കുന്നതു സംബന്ധിച്ച്

സൂചന : കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കത്ത് നമ്പർ ബി1/5668/2018

യു.പി സ്കൂളിലെ പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുന്നതു മൂലമുണ്ടാകുന്ന തസ്തികയിലേക്ക് അധ്യാപക ബാങ്കിൽ നിന്ന് മാനേജർ തെരഞ്ഞെടുത്ത ഒരു എൽ.പി.എസ് ടീച്ചറെ പുനർവിന്യസിക്കാമോ എന്ന് സൂചനയിലെ കത്ത് പ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നു. കെ.ഇ.ആർ അധ്യായം XXIII ചട്ടം 1(b)(iii) പ്രകാരം എൽ.പി സ്കൂളിലെ പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് സൃഷ്ടിക്കുന്ന തസ്തിക എൽ.പി.എസ് ടീച്ചറിന്റേതാണ്. അതുപോലെ തന്നെ ചട്ടം 5(iv) പ്രകാരം യു.പി സ്കൂളിലെ പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കി പകരം സൃഷ്ടിക്കുന്ന തസ്തിക യു.പി.എസ് ടീച്ചറിന്റേതുമാണ്. എൽ.പി.എസ്.റ്റി മാർക്ക് യു.പി.എസ്.റ്റി ആയി നിയമിക്കപ്പെടാനുമുള്ള യോഗ്യതയുള്ളതിനാൽ (റ്റി.റ്റി.സി) യു.പി സ്കൂളിലെ പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുന്ന തസ്തികയിൽ സംരക്ഷിത എൽ.പി.എസ് ടീച്ചറെ നിയമിക്കുന്നതിൽ അപാകതയില്ല.

എൽ.പി സ്കൂളിലെയും യു.പി സ്കൂളിലെയും പ്രഥമാധ്യാപകരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകളിൽ (എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി) നിയമിക്കുന്നതിന് ഭാഷാധ്യാപകർ ഉൾപ്പെടെയുള്ള മറ്റ് കാറ്റഗറികളിലെ സംരക്ഷിതാധ്യാപകരെ മാനേജർ അധ്യാപക ബാങ്കിൽ നിന്നു തെരഞ്ഞെടുത്താൽ പ്രസ്തുത സംരക്ഷിതാധ്യാപകർക്ക് പ്രസ്തുത തസ്തികകളിൽ (എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി) നിയമനം നേടാനുള്ള യോഗ്യത (റ്റി.റ്റി.സി/ബി.എഡ്) ഉണ്ടെങ്കിൽ അവരെത്തന്നെ മാനേജരുടെ സ്കൂളിലേക്ക് പുനർവിന്യസിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)

പകർപ്പ് :

എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും